## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4934** — **23.03.2018-ൽ മറുപടിയ്ക്ക്**

### ഉദ്യോഗാർത്ഥികൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ ക്യാമ്പുകൾ

**ചോദ്യം**
ശ്രീ.റ്റി.വി.രാജേഷ്

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ്
മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ആദിവാസി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി ഉൾപ്പെടെ നടത്തുന്ന വിവിധ പരീക്ഷകളിൽ സമയബന്ധിതമായി അപേക്ഷ സമർപ്പിക്കാൻ കഴിയാത്തതു മൂലം അവരുടെ തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ ഇതു പരിഹരിക്കുന്നതിന് ആദിവാസി മേഖലകളിൽ ഓൺലൈൻ രജിസ്ട്രേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും അവർക്ക് ഇക്കാര്യത്തിൽ അറിവ് നല്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?; | ബി) | ആദിവാസി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് തൊഴിലന്വേഷണം നടത്തുന്നതിനും, പി.എസ്.സി വൺടൈം രജിസ്ട്രേഷൻ നടത്തുന്നതിനും പ്രയോജനപ്രദമാകത്തക്ക രീതിയിൽ ഓൺലൈൻ സഹായി കേന്ദ്രങ്ങൾ വകുപ്പിന്റെ ജില്ലാ ഓഫീസുകളിലും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിലും പ്രവർത്തിച്ച് വരുന്നു. പി.എസ്.സി ഇറക്കുന്ന വിജ്ഞാപനങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ മുഖേനയും ട്രൈബൽ |

| | | | |
|---|---|---|---|
| | | | പ്രൊമോട്ടർമാർ മുഖേനയും മുഴുവൻ കോളനികളിലെയും ഉദ്യോഗാർത്ഥികളെ അറിയിക്കുകയും, ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിന് സഹായിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ